**LBS CENTRE FOR SCIENCE AND TECHNOLOGY**
(A Government of Kerala Undertaking)
Nandavanam, Palayam, Thiruvananthapuram - 695 033, Kerala
Phone: 0471 - 2324396, 2324148, 2324101; Fax: 0471 - 2337055
Email: director.lbs@kerala.gov.in; Website: www.lbscentre.kerala.gov.in

**Ref. No. B9/1980/2026** **26.10.2026**

# സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

## 2026-27 വർഷത്തെ മാസ്റ്റർ ഓഫ് മെഡിക്കൽ ഫിസിയോളജി [MMP] കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് 2026 ഒക്ടോബർ 29 വൈകിട്ട് 3 മണി വരെ അപേക്ഷിക്കാം.

കേരള സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സ് പ്രകാരം 2026 അദ്ധ്യയന വർഷത്തെ മാസ്റ്റർ ഓഫ് മെഡിക്കൽ ഫിസിയോളജി കോഴ്സിന് അപേക്ഷിക്കാം. അപേക്ഷാഫീസ് പൊതുവിഭാഗത്തിനു 1200/-രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 600/–രൂപയുമാണ്. അപേക്ഷകർക്ക് 2026 ഒക്ടോബർ 29 വരെ ഓൺലൈൻ വഴി അപേക്ഷാഫീസ് ഒടുക്കാവുന്നതാണ്. വ്യക്തിഗത അക്കാദമിക വിവരങ്ങൾ ഓൺലൈൻ ആയി www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. യോഗ്യത സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുന്ന അവസരത്തിൽ അപ്ലോഡ് ചെയ്യാവുന്നതാണ്.

കേരളത്തിലെ ആരോഗ്യ സർവ്വകലാശാല അംഗീകരിച്ച എം.ബി.ബിഎസ്/ബി.ഡി. എസ്/ബി.എ.എം.എസ്/ബി.എച്ച്.എം.എസ്/ബി.യു.എം.എസ് റഗുലർ ഡിഗ്രി കോഴ്സ് 50% മാർക്ക് എല്ലാ അക്കാദമിക വർഷവും നേടി പാസ്സായിരിക്കണം. അതത് സ്റ്റേറ്റ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. അല്ലെങ്കിൽ ആരോഗ്യ സർവ്വകലാശാല അംഗീകരിച്ച റഗുലർ ബി.എസ്.സി നഴ്സിംഗ്/ബി.ഫാം/ബി.പി.റ്റി/ബി.എസ്.സി അലൈഡ് മെഡിക്കൽ കോഴ്സുകൾ എല്ലാ അക്കാദമിക വർഷവും 50% മാർക്ക് നേടി പാസ്സായിരിക്കണം. അതത് സ്റ്റേറ്റ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. അക്കാദമിക യോഗ്യതാ പരീക്ഷയുടെ മൊത്തം മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള ഒരു കേന്ദ്രീകൃത അലോട്ട്മെന്റിലൂടെയാണ് കോഴ്സിലേക്കുള്ള പ്രവേശനം.

കൂടുതൽ വിവരങ്ങൾക്ക് 0471-2560361, 362, 363, 364 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

**ഡോ. ജയമോഹൻ.ജെ**
**ഡയറക്ടർ**